കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@kerala.gov.in

## എടവക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2014-15

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

**e-mail:- dowyd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. ഡബ്ല്യൂ.വൈ.ഡി.പി2/478/16

കേരള സംസ്ഥാന ഓഡിറ്റ് (

ജില്ലാ ഓഡിറ്റ് കാര്യാ

വയനാട്, ക
പിൻ

തിയ്യതി : 2

Phone- 04936

Email- dowyd.ksad@kera

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടവക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :എടവക ഗ്രാമപഞ്ചായത്ത് -2014-15. സാമ്പത്തിക വർഷങ്ങളി
ഓഡിറ്റ്റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ ക ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾ ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 9,3-10എന്നീ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടും ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്ര യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓ റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെ പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ( പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓ പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ ന സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്ര കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ട (2)എന്നിവ കാണുക)

വിശ്വസ്തത

ഡെപ്യൂട്ടി ഡയ
ജില്ലാ ഓഡിറ്റ് കാര്യാ
വയനാട്, ക

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപര സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ. ഡബ്ല്യൂ.വൈ.ഡി.പി2.478 /2016

തീയ്യതി: 28.

വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്തിന്റെ 2014-15, സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോ

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ േ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പ വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയു പഞ്ചായത്ത് 17.09.2015 തിയ്യതി വരെ (മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ) വ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓ അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്ത ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.19 അന്വേഷണക്കുറിപ്പുകൾ നൽകിയതി എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓ സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കു ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേ ക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടത

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളു വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ ത വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം -

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി.പി.അനന്തകൃഷ്ണൻ ഡെപ്യൂട്ടിഡയറക്ടർ | ഓഡിറ്റിന വിനിയോഗ സമയം |

| | | |
|---|---|---|
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ - | ശ്രീ.ഒ.കെ.അഗസ്റ്റ്യൻ, ഓഡിറ്റ്ഓഫീസർ | 18.07.2016മു 26.07.2016 വ |
| | ശ്രീമതി. കെ.കെ.ബിന്ദു, അസി.ഓഡിറ്റ് ഓഫീസർ | 20.07.2016മു 26.07.2016 വ |
| | ശ്രീ.പി.ഷാജി , സീനി.ഗ്രേ.ഓഡിറ്റർ | 20.07.2016മു 26.07.2016 വ |
| | ശ്രീ.പി.വി സുബ്രഹ്മണ്യൻ, ഓഡിറ്റർ | 18 .07.2016മു 26.07.2016 വ |
| | കുമാരി.ടി.കെ ലത, ഓഡിറ്റർ . | 20.07.2016മു 26.07.2016 വ |

(ബി)നിർവ്വഹണാധികാരികൾ.

| ക്രമ നം. | ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | പ്രസിഡണ്ട് | ശ്രീഎച്ച്.ബി.പ്രദീപ് മാസ്റ്റർ | 01.04.2014 മുതൽ 31.0 വരെ |
| 2 | വൈസ് പ്രസിഡണ്ട് | ശ്രീമതി .ആമിന അവറാൻ | 01.04.2014 മുതൽ 31.03.2015വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| ക്രമ നം. | ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | സെക്രട്ടറി | ശ്രീ.കെ.സി.സുകുമാരൻ | 01.04.2014 മുതൽ 31.03.15വരെ |
| 2 | കൃഷി ഓഫീസർ | ശ്രീ.ആർ. മണികണ്ഠൻ | 01.04.2014 മുതൽ 31.03.2015 വരെ |
| 3 | വെറ്റിറിനറി സർജൻ | ഡോ.ജിജി മോൻ | 01.04.2014മുതൽ 31.03.2015വരെ |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | കെ.സുനിൽ കുമാർ, | 01.04.2014മുതൽ 31.03.2015വരെ |

| | | | |
|---|---|---|---|
| 6 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)എടവക | ഡോ. ധന്യ.കെ.എം. | 01.04.2014മുതൽ 14.7.2014 വരെ |
| | | ഡോ. ഗ്രീഷ്മ.എം.ബി | 15.07.2014മുതൽ 18.12.2014 വരെ |
| | | ഡോ. എം.ടി.സഗീർ | 19.12.2014 മുതൽ 31.03.2015 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.എൻ.സുരേഷ് കുമാർ | 01.04.2014മുതൽ 28.02.2015വരെ |
| | | ഡോ.ശോഭന | 29.02.2015മുതൽ 31.03.2015വരെ |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ബീന ജോൺസൺ, | 01.04.2014മുതൽ 31.03.2015വരെ |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ബിന്ദു.കെ | 01.04.2014മുതൽ 31.03.2015വരെ |
| 10 | അസി. എഞ്ചിനീയർ | വിനോദ്.കെ.എൻ | 01.04.2014മുതൽ 31.03.2015വരെ |
| 11 | അസി.സെക്രട്ടറി | ബോബൻ ചാക്കോ | 01.04.2014മുതൽ 31.03.2015വരെ |
| 12 | ഹെഡ് മാസ്റ്റർ | ജോളി.വി.ആർ | 01.04.2014മുതൽ 31.03.2015വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്ക് ന്യൂനത പരിഹരിക്കൽ | 2-1 |
| 13 | വസ്തുനികുതി -രേഖകൾ പൂർണ്ണമല്ല | 2-2 |
| 14 | ഡി ആന്റ് ഒ ലൈസൻസ് - അപാകങ്ങൾ | 2-3 |
| 15 | തൊഴിൽ നികുതി - അപാകങ്ങൾ | 2-4 |
| 16 | ഗ്രാമസഭാ സംഘാടനം അപാകങ്ങൾ. | 3-1 |
| 17 | കാലിത്തൊഴുത്ത് നിർമ്മാണം-ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗ്രാമസഭ മുഖാന്തിരമല്ല-തുക നിരാകരിക്കുന്നു. | 3-2 |
| 18 | സ്പെഷ്യാലിറ്റി എഗ്ഗ്-കോഴി വാങ്ങി നൽകൽ,കോഴിക്കൂട് ന്ലകൽ(സംഘശ്രീ മിഷൻ)-രേഖകൾ പൂർണ്ണമല്ല. | 3-3 |
| 19 | സ്പെഷ്യാലിറ്റി എഗ്ഗ്-കോഴി വാങ്ങി നൽകൽ,കോഴിക്കൂട് നൽകൽ(കുടുംബശ്രീ )-അപാകങ്ങൾ | 3-4 |
| 20 | വെറ്റിനറി സർജൻ രേഖകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. | 3-5 |
| 21 | പൊതുമരാമത്ത് പ്രവൃത്തികൾ-നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചതിന്റെ രേഖകൾ ഇല്ല. | 3-6 |
| 22 | വെള്ളക്കരം മുൻകൂറായി അടച്ചു-വാട്ടർ അതോറിറ്റിയിൽ ലക്ഷങ്ങൾ നീക്കിയിരിപ്പ് | 3-7 |
| 23 | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു. | 3-8 |
| 24 | പൊതുമരാമത്ത് പ്രവൃത്തികൾ-ഐ.ആർ.സി.സ്പെസിഫിക്കഷന് വിരുദ്ധമായി പ്രവൃത്തികൾ നടപ്പാക്കി-നഷ്ടം-209469 | 3-9 |
| 25 | പ്രവൃത്തി നടത്തുന്നതിലെ അപാകങ്ങൾ നിമിത്തം അധികച്ചെലവുകൾ | 3-10 |
| 26 | പാലിയേറ്റീവ് പരിചരണപരിപാടി -ഇന്ധനം വാങ്ങിയതിലെ സംബന്ധിച്ച്. | 3-11 |

| | | |
|---|---|---|
| 27 | എസ്.എസ്.എ.ഫണ്ട് വിനിയോഗത്തിൽ കുറവ്, പഞ്ചായത്ത് വിഹിതം ആനുപാതികമായി കുറച്ച് ബാക്കി തിരികെ ലഭിക്കുന്നില്ല. | 3-12 |
| 28 | ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്കലില്ല, വി.ഇ.ഒയുടെ അക്കൗണ്ടിൽ 35,336/- രൂപയുടെ കുറവ് | 3-13 |
| 29 | ടി.എസ്.പി.ഫണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി വിനിയോഗിക്കുന്നില്ല- മാർഗ്ഗരേഖ ലംഘനം. | 3-14 |
| 30 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതി അവലോകനം | 3-15 |
| 31 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം . | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുക | 4-3 |
| 34 | വായ്പ- വായ്പ തിരിച്ചടവ് | 4-4 |
| 35 | ഓഡിറ്റ് റിക്കവറി | 4-5 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-6 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |



# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ പുതുക്കിയ ബജറ്റ് 12.05.2015തീയതിയിലെ 61/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എ സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക ഡബിൾഎ സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താര ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി | അപാകതകൾ പരിഹരിക്കാൻ തിരിച്ചയച്ച തീയ്യതി | അപാകതകൾ പരിഹരിച്ച് ലഭിച്ച തീയ്യതി |
|---|---|---|---|
| 31.07.2015 | 22.05.2015 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ, തീയ്യതി |
|---|---|---|
| 2014-15 | 14.12.2015 | കെ.എസ്.എഡബ്ല്യൂ.വൈ.ഡി. പി2-353/2015 തീയതി.12.01.2016 |

## 1-4 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 44436825 | 163063604 | 207500429 | 160665895 | 46834534 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 14300000 | 14300000 | 10997920 | 3302080 | 91% |
| എസ്.സി.പി. | 58851 | 910000 | 968851 | 849775 | 119076 | 88% |
| ടി.എസ്.പി . | 0 | 11648000 | 11648000 | 10341585 | 1306415 | 89% |
| ലോക ബാങ്ക് | 878205 | 3716000 | 4594205 | 878205 | 3716000 | 19% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4760 | 9060139 | 9064899 | 7553344 | 1511555 | 83% |
| എം.ജി. റോഡ് | 612858 | 12043000 | 12655858 | 11875843 | 780015 | 94% |
| എം.ജി. നോൺ | 79106 | 3396000 | 3475106 | 3236188 | 238918 | 93% |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | |
| ബി.ഫണ്ട് | 0 | 4211671 | 4211671 | 4211671 | 0 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എ | 153089 | 2178431 | 2331520 | 1983769 | 347751 | 85% |
| മറ്റുള്ളവ | 13605905 | 50589265 | 64195170 | 57750742 | 6444428 | 90% |

## 1 - 6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് (എണ്ണം) | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം ) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം |
|---|---|---|---|---|
| 190 | 141 | 16 | 33 | 125 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തീക വർഷത്തിൽ വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് /കുറവ് ഉണ്ടായിട്ടുണ്ട് .

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം കൂടുതൽ | ശതമാനം കൂടുതൽ കുറവ് |
|---|---|---|---|---|
| നികുതി വരവ് | 3689356 | 5265983 | 1576627 | 29.93 |
| നികുതിയേതര വരവ് | 531352 | 555346 | 23994 | 4.32 |
| മറ്റുവരവുകൾ (പലിശ) | 744750 | 1026286 | 281536 | 27.43 |
| ആകെ | 4965458 | 6847615 | 1882157 | 27.48 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ക്ഷേമപദ്ധതി വിശദാംശങ്ങൾ താഴെകൊടുക്കുന്നു .

| ക്രമനമ്പർ | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താവിന് എണ്ണം |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 5457893 | 742 |
| 2 | വിധവാ പെൻഷൻ | 8226155 | 1094 |
| 3 | വാർദ്ധക്യകാല പെൻഷൻ | 3199545 | 792 |
| 4 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3257170 | 295 |
| 5 | തൊഴിൽരഹിതവേതനം | 139800 | 108 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ബാലൻസ് പരിശോധന 21.07.2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 6947/-രൂപ ക്യാഷ് ബാലൻസ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നതുമായി ബന്ധ ഏർപ്പെടുത്തിയിട്ടുള്ളആഭ്യന്തനിയന്ത്രണ സംവി പരിശോധനാവിധേയമാക്കി. ജീവനക്കാരുടെ ജോലിവി നടപ്പാക്കിക്കൊണ്ടുള്ള ഓഫീസ് ഉത്തരവുകളും അതിനോടനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ പരിശോധിച്ച ജീവനക്കാരുടെ യോഗം മാസത്തിലൊരിക്കൽ ചേരുന്നില്ല .

## 1-11 മറ്റ് ഓഡിറ്റ് നടത്തിയത്തിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ തീയ്യ |
|---|---|---|---|
| അക്കൌണ്ടന്റ് ജനറൽ | 28.04.2014മുതൽ 12.05.2014 വരെ | 2009-10മുതൽ 2013-14 വരെ | എൽ.ഡബ്ല്യു.എ(എച്ച്. 8A/2151/140/20.06.2014 |
| പെർഫോമൻസ് ഓഡിറ്റ് | 08.06.16 | 01/2016മുതൽ 31.03.16 | 09.06.2016 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡി നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ട പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്ക് ന്യൂനത പരിഹരിക്കൽ

എടവക ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ക പരിശോധിച്ച് 12.01.16 തീയതിയിലെ കെ.എസ്.എ. ഡബ്ല്യൂ.വൈ.ഡി.പി2 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ 1 മുതൽ 3 വരെ അപാക ചൂണ്ടികാണിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതാണ്. എ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.12.2016 ലെ എ1-42/15 നമ്പർ കത്ത് പ്ര ഓഡിറ്റ് സർട്ടിഫിക്കറ്റിലെ അപാകതകൾ പരിഹരിച്ചതായി അറി 21.07.2016 ന് ഓഡിറ്റ് വേളയിൽ പരിശോധിച്ചതിൽ ചൂണ്ടിക അപാകതകളിൽ ക്രമനമ്പർ 1, 3 ആയിട്ടുള്ള വസ്തുനികുതി, അനു അപാകവും പഞ്ചായത്ത് നാളിതുവരെ സൃഷ്ടിച്ച ആസ്തി/ബ ഒഴികെയുള്ളവ പരിഹരിച്ചിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടു.

## 2-2 വസ്തുനികുതി -രേഖകൾ പൂർണ്ണമല്ല

എ).സഞ്ചയ സോഫറ്റ് വെയർ - ഡിമാന്റ് ,കുടിശ്ശിക ഡിമാന്റ് എ പൂർത്തിയാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികു സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 13 പ്രകാര കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് കഴിഞ്ഞാൽ അപ്രകാ വസ്തു നികുതി ഈടാക്കുന്നതിലേക്കാവശ്യമായ വിവരങ്ങൾ ഡി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്ക് പ്രകാരം പൊരുത്തപ്പെടു മാത്രമല്ല സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി ഡിമാന്റ് പൂർത്തിയാക്കിയിട്ടില്ല. പൂർത്തികരിക്കുന്നതിനുള്ള നടപ സ്വീകരിക്കേണ്ടതാണ്. വസ്തുനികുതി കുടിശ്ശികയുടെ വർഷം തിരി കണക്ക് സമയബന്ധിതമായി തയ്യാറാക്കേണ്ടതാണ്.

ബി).വസ്തുനികുതി കുടിശ്ശിക വിവരങ്ങൾ ലഭ്യമല്ല.

2014-15 സാമ്പത്തിക വർഷത്തെ വസ്തുനികുതി, കുടിശ്ശിക ഡിമാന്റ്ര എഴുതിത്തള്ളൽ രജിസ്റ്റർ, അനുബന്ധഫയലുകൾ എ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് ലഭ്യമായ വരവ കൃത്യത പരിശോധിച്ചു ഉറപ്പു വരുത്തുന്നതിന് ഓഡിറ്റിന് സാധി വാർഷിക കണക്ക് പ്രകാരം തൻവർഷത്തിൽ 14,04,238-രൂപയും വരെയുള്ള കുടിശ്ശികയിനത്തിൽ 10,86,686/-രൂപയും ലഭ്യമാവാ പഞ്ചായത്തിന് ലഭ്യമാവാനുള്ള ഏതെങ്കിലും നികുതിയോ, മറ്റു സം

ഈടാക്കുന്നതിന് യുക്തമായ നിയമാനുസൃത നടപടി അ
ആരംഭിക്കാമായിരുന്ന തിയ്യതി മുതൽ മൂന്നു വർഷം കഴിഞ്ഞതിനു
അത്തരം നടപടികൾ സ്വീകരിക്കുവാൻ പാടില്ലാത്തതാണെന്ന്
പഞ്ചായത്ത് രാജ് നിയമം 243(1) വകുപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. ക
യഥാസമയം നടപടി എടുക്കാത്തത് മൂലം കാലഹരണപ്പെടുന്ന തു
കേരള പഞ്ചായത്ത് രാജ് നിയമം 243(3)വകുപ്പ് പ്രകാരം അതാത് സമയങ്ങ
നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യത
മാറുന്നതുമാണ്. 17/2014-15 നമ്പർ പ്രകാരം ഓഡിറ്റ് എൻക
നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക
വർഷം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. അതിനാൽ കാഹരണപ്പെട്ട തുക
കൃത്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല രേഖകൾ യഥാ
പൂർത്തീകരിക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് - അപാകങ്ങൾ

എ). ഡി ആന്റ് ഒ ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ്.

വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ്. സൂക്ഷിക്കാത്തതിനാൽ മു
സ്ഥാപനങ്ങളും ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് വ്യ
വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കേണ്ടതും വാർഡ് തല ട്രേഡേ
തയ്യാറാക്കി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഇല്ല
ഉറപ്പ് വരുത്തേണ്ടതുമാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻകാ
(15/14-15) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് വാർഡ് ക്ലർക്കുമാർക്ക് നിർ
നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ബി). ഡി ആന്റ് ഒ ലൈസൻസ് പുതുക്കൽ ഫീൽഡ് പരിശോധന ര
സൂക്ഷിക്കുന്നില്ല .

സർക്കുലർ നം.66562 / ആർ.സി 3/12 ത.സ്വ.ഭ.വ തീയതി 10.01.2013 പ്രകാ
ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ലഭിക്കു
ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥലപരിശോധന നിർബന്ധ
നടത്തേണ്ടതും, അപേക്ഷ സംബന്ധിച്ച വിവരം പേഴ്സണൽ രജി
ചേർക്കേണ്ടതുമാണ്. എന്നാൽ ഡി ആന്റ് ഒ ലൈസൻസ് പുതുക്കൽ ഫ
പരിശോധന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചതായി കാണു
സ്ഥലപരിശോധന നടത്തി വിശദവിവരങ്ങൾ മേൽ രജിസ്റ്ററിൽ
സൂക്ഷിക്കേണ്ടതാണെന്ന് അറിയിച്ചതനുസരിച്ച് ഡി ആന്റ് ഒ ലൈ
പുതുക്കൽ ഫീൽഡ് പരിശോധന രജിസ്റ്റർ ഗ്രാമപഞ്ചായ
സൂക്ഷിക്കുന്നതിനുള്ള നടപടികൾ അടിയന്ത
സ്വീകരിക്കുന്നതാണെന്ന് മേൽ സൂചന പ്രകാരമുള്ള എൻകാ
സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്..

സ്ഥല നാമം- പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കുന്നില്ല.

16.03.2007 ലെ സർക്കാർ ഉത്തരവ് നം (ആർ .ടി) 795/2007 ത.സ്വ.ഭ.വ പ്ര ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേര് ബോർഡിൽ രേഖപ്പെടുത്തി എന്ന വരുത്തേണ്ടതും. മലിനീകരണ നിയന്ത്രണ ബോർഡിന്റെ മൈക്രോണിന്റെ താഴെയുള്ള പ്ലാസ്റ്റിക് ഉപയോഗിക്കില്ല എന്ന ര ടേക്കിംഗ് വാങ്ങേണ്ടതുമാണ്. എന്നാൽ എടവക ഗ്രാമപഞ്ചായത്തിലെ ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ഒന്നിൽ പോലും സ്ഥല പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കുന്നില്ല. അപാകത കാണിച്ച് നൽകിയ എൻക്വയറിക്ക് മേലിൽ സ്വീകരിക്കുന്നതാ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.
മേൽ അപാകതകൾ പരിഹരിച്ചും തുടർ നടപടികളുടെ പുരോ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി - അപാകങ്ങൾ

1. തൊഴിൽ നികുതി -സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 1996 ലെ പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും ) ചട്ടങ്ങ ലെ മാതൃകയിൽ നികുതി ചുമത്താവുന്ന വ്യക്തികളു സ്ഥാപനങ്ങളുടേയും പേരുവിവരങ്ങൾ അടങ്ങിയ അസ്സസ്മെന്റ് ര സൂക്ഷിക്കേണ്ടതാണ്. ആയത് സൂക്ഷിച്ചിട്ടില്ല. സ്ഥാപന ര സൂക്ഷിക്കേണ്ടതാണ്.

2.തൊഴിൽ നികുതി ഡിമാന്റ് ചെയ്യിട്ടില്ല .

1.പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർമാർ .

2.അക്ഷയ സെന്ററ 2/4, ഗ്രാമപഞ്ചായത്തിനു സമീപം,ദ്വാരക,കല്ലോടി.

3.സാരഥി ഡ്രൈവിംഗ് സ്കൂൾ ദ്വാരക.

4.മാർഷൽ ഡ്രൈവിംഗ് സ്കൂൾ തോണിച്ചാൽ.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത സ്ഥാപനങ്ങളെ ഡിമാന്റ് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്ന്ന് കാ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന ര സൂക്ഷിക്കേണ്ടതും, തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത സ്ഥാപന ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി ഈടാക്കിയും തുടർ നടപ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡ
# നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ട
പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമസഭാ സംഘാടനം അപാകങ്ങൾ.

എടവക ഗ്രാമപഞ്ചായത്തിലെ 2014-15 വർഷത്തെ ഗ്രാമസഭാമിനു
പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടു.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രക
മാസത്തിലൊരിക്കൽ ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതും യോഗത്ത
കോറം ആകെ വോട്ടർമാരുടെ പത്ത് ശത
ആയിരിക്കേണ്ടതുമാണ്.എന്നാൽ പഞ്ചായത്തിൽ ഗ്രാമസഭായോഗങ
മാസത്തിലൊരിക്കൽ വിളിച്ചുചേർക്കുന്നില്ല. പല പദ്ധതികളു
ഗുണഭോക്താക്കളെ ഗ്രാമസഭയിൽ തെരഞ്ഞെടുക്കുന്നില്ല. കൂടാതെ
യോഗങ്ങളിലും കോറം തികയുന്നില്ല. കോറം തികയാത്ത യോഗ
മാറ്റിവെച്ച് വീണ്ടും വിളിച്ചുചേർക്കുന്നില്ല. ഉദാഹരണങ്ങൾ ച
ചേർക്കുന്നു.

| വാർഡ് നമ്പർ | ആകെ വോട്ടർമാർ | യോഗതീയതി | ഹാജർ |
|---|---|---|---|
| 7 | 1001 | 7.7.15 | 75 |
| 7 | 1001 | 11.3.15 | 86 |
| 7 | 1001 | 5.1.15 | 65 |
| 7 | 1001 | 20.10.14 | യോഗം ചേർന്നില്ല, കുറച്ച് ഒപ്പുകൾ മാത്രം |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയിരിക്കുന്നു. വീണ്ടും വിളിച്ചിട്ടില്ല. |
| 7 | 1001 | 24.6.14 | 87 |
| 5 | 1030 | 4.1.15 | 77 |

കോറം തികയാത്ത ഗ്രാമസഭകൾക്ക് ഏതാനും ഉദാഹരണങ്ങൾ മാത്ര മുകളിൽ ചേർത്തത്. തൻവർഷം ഒരുപാട് ഗ്രാമസഭായോഗങ്ങളിൽ കേ തികഞ്ഞിട്ടില്ലെങ്കിലും യോഗം മാറ്റിവെച്ച് വീണ്ടും വിളിച്ചുചേർത്ത തദ്ദേശസ്വയംഭരണവകുപ്പിന്റെ 18.12.2003ലെ സർക്കുലർ നമ്പർ ഡി.പി.1/03പ്രകാരം ഗ്രാമസഭായോഗങ്ങളിൽ പെൻഷൻ അപേക്ഷകൾ ചെയ്യുന്നില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 3.8.2004ലെ സർക്കുലർ നമ്പർ 22675/എ പ്രകാരമുള്ള അനിവാര്യഗ്രാമസഭകൾ വിളിച്ചുചേർത്തിട്ടില്ല. മുൻവർഷ വികസനപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നില്ല. പ്രോജക്ടുകൾക്കും ഗുണഭോക്താക്കളെ ഗ്രാമസഭയിൽ തെരഞ്ഞെടുത്ത നടപ്പ് വാർഷികപദ്ധതിനടത്തിപ്പ് മോണിറ്റർ ചെയ്യു ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലേ നടത്തുന്നില്ല. പദ്ധതിനടത്തിപ്പ് സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തു ഗ്രാമസഭാ സംഘാടനം കാര്യക്ഷമമാക്കാൻ നടപ സ്വീകരിക്കേണ്ടതാണ്.

## 3-2 കാലിത്തൊഴുത്ത് നിർമ്മാണം-ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗ്രാമസഭ മുഖാന്തിരമല്ല-തുക നിരാകരിക്കു

എടവക ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം കാലിത്തൊ നിർമ്മാണത്തിന് 60 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം ധനസ നൽകി.

പ്രോജക്ട്-കാലിത്തൊഴുത്ത് നിർമ്മാണം

പ്രോജക്ട് നമ്പർ-91/15

ചെലവഴിച്ച തുക-6,00,000 രൂപ

ട്രഷറി ബിൽ നമ്പർ-3/14-15/23.2.15-3,00,000 രൂപ

ട്രഷറി ബിൽ നമ്പർ-7/14-15/26.3.15-3,00,000രൂപ

നിർവഹണം-വെറ്റിനറി സർജൻ

ധനസഹായം നൽകിയ 60 ഗുണഭോക്താക്കളിൽ 57 പേരെയും ഗ്ര മുഖാന്തിരം തെരഞ്ഞെടുത്തിട്ടില്ല. 1994 ലെ കേരളപഞ്ചായത്ത് രാജ് വകുപ്പ് 3എ, തദ്ദേശഭരണവകുപ്പിന്റെ 2.10.97 ലെ ജി.ഒ.പി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം ഗ്രാമസഭ മാത്രമാണ്. എന്നാൽ ഈ പ്രോജക്ടിനുള്ള ഗുണഭോക്താ തെരഞ്ഞെടുത്തത് ഭരണസമിതിയുടെ 27.10.14ലെ തീരുമാനപ്രകാരമാണ് .ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയത് അംഗീകരിക്കാനാവില്ല.5, രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 27.10.14 ലെ ഭരണ മീറ്റിംഗിൽ പങ്കെടുത്ത എല്ലാ അംഗങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 സ്പെഷ്യാലിറ്റി എഗ്ഗ്-കോഴി വാങ്ങി നൽകൽ,കോഴിക്കൂട് ന്ലകൽ(സംഘശ്രീ മിഷൻ)- രേഖകൾ പൂർണ്ണമല്ല.

പ്രോജക്റ്റ് നമ്പർ-221/15

പ്രോജക്റ്റ്- സ്പെഷ്യാലിറ്റി എഗ്ഗ്-കോഴി വാങ്ങി നൽകൽ, കോഴ ന്ലകൽ(സംഘശ്രീ മിഷൻ)

ട്രഷറിബിൽ നമ്പർ/തീയതി-5/14-15/18.3.15

ഗുണഭോക്തൃവിഹിതം 63,000/-രൂപ രശീത് നമ്പർ 11401104498/9.3.15 പ്ര പഞ്ചായത്തിൽ അടച്ചു. വൗച്ചർ നമ്പർ-11401104498/9.3.15 പ്ര നിർവഹണഉദ്യോഗസ്ഥന് തിരിച്ചുനൽകി.

അടങ്കൽ -210000 രൂപ

ചെലവഴിച്ച തുക -150000 രൂപ വികസനഫണ്ട്

ഗുണഭോക്തൃവിഹിതം - 63000/- രൂപ

നിർവഹണം - വെറ്റിനറി സർജൻ.

60,000/- രൂപ ഗുണഭോക്തൃവിഹിതവും 1,50,000/- രൂപ വികസനഫ ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി നടത്തിപ്പിൽ താഴെപ്പ അപാകതകൾ വന്നിട്ടുണ്ട്.

1. എവറസ്റ്റ് എന്റർപ്രൈസസ് കാഞ്ഞിരപ്പള്ളിയിൽ നിന്ന് 50 കോഴിക്കൂ 3,000/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. എവറസ്റ്റ് എന്റർപ്രൈസസ് സ്ഥാപനത്തിൽ നിന്ന് 50 കോഴിക്കൂടുകൾ 3,000/- രൂപ നിര വാങ്ങിയതിന് നികുതി 7,500/-രൂപ അടക്കം 1,57,500/-രൂപയുടെ ബിൽ സ്ഥാപനത്തിന് ഡി.ഡി നമ്പർ-420240/4.5.15 പ്രകാരം 1,68,000/- രൂപ ന 10,500/-രൂപ അധികം നൽകി. വെറ്റിനറി സർജൻ നൽകിയ മറുപടി മടയിക്കൽ പൌൾട്രി ഫാമിൽ നിന്ന് 250 പായ്ക്കറ്റ് കോഴിത്തീറ്റ 2 നിരക്കിൽ 6,250/- രൂപക്ക് വാങ്ങിയിട്ടുണ്ട് എന്നും ട്രാൻസ്പോർ

ചാർജ്ജായി 7,600/-രൂപയുമുൾപ്പെടെ ആണ് തുക നൽകിയത് പറഞ്ഞിട്ടുണ്ട്. വാങ്ങിയ കോഴിക്കൂടുകളും കോഴിത്തീറ്റയും വിര ചെയ്ത രേഖകൾ ഫയലിൽ ഇല്ല. ഓഡിറ്റ് എൻകചയറി നമ്പർ 3/14-15/21 നൽകിയ മറുപടിയിൽ ഇത് വ്യക്തമാക്കിയിട്ടില്ല.

2. 63,000/-രൂപ ഗുണഭോക്തൃവിഹിതവും 1,50,000/- രൂപ വികസനം വകയിരുത്തിയ പദ്ധതിയിൽ 1,68,000/- രൂപ എവറസ്റ്റ് എന്റർപ്രൈ എന്ന സ്ഥാപനത്തിന് നൽകിയതൊഴികെ മറ്റു ചെലവ നടത്തിയതിന്റെ രേഖകൾ ഇല്ല. പുരുഷസംഘ തെരഞ്ഞെടുത്തതിന്റെ വിവരങ്ങളോ കോഴികളെ വാങ്ങിയതിന്റെ നൽകിയതിന്റെയോ വിവരങ്ങളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓ എൻകചയറി നമ്പർ 3/14-15/21.7.16 ന് നൽകിയ മറുപടിയിൽ 45,000/- ( സെന്റ് ജോസഫ്സ് എഗ്ഗർ നേഴ്സറിയിൽനിന്ന് 50 ഗുണഭോക്താക്കൾം 10കോഴിക്കുഞ്ഞുങ്ങളെ വീതം 500 കോഴികളെ വാങ്ങിയെന്ന് അറി എന്നാൽ പുരുഷസംഘങ്ങളെ തെരഞ്ഞെടുത്തതിന്റെ വിവര കോഴികളെ വാങ്ങിയതിന്റെയോ , നൽകിയതിന്റെയോ വിവര ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

3. പദ്ധതിക്കുവേണ്ടി ടെണ്ടർ വിളിച്ചതിന്റെ വിവരങ്ങൾ ഓഡ ഹാജരാക്കിയിട്ടില്ല.

പദ്ധതിനടത്തിപ്പ് സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഓഡ ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻകചയറി നമ്പർ 3/14-15/21.7 വെറ്റിനറി സർജൻ നൽകിയ മറുപടിയിലും പൂർണ്ണവിവരങ്ങൾ നൽം സാഹചര്യത്തിൽ ചെലവഴിച്ച 2,13,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്

## 3-4 സ്പെഷ്യാലിറ്റി എഗ്ഗ്-കോഴി വാങ്ങി നൽകൽ,കോഴിക്കൂട് നൽകൽ(കുടുംബശ്രീ )-അപാകങ്ങൾ

പ്രോജക്ട് നമ്പർ-220/15

പ്രോജക്ട്- സ്പെഷ്യാലിറ്റി എഗ്ഗ്-കോഴി വാങ്ങി നൽകൽ,കോഴ നൽകൽ(കുടുംബശ്രീ)

ട്രഷറിബിൽ നമ്പർ/തീയതി-6/14-15/26.3.15

അടങ്കൽ - 200000 രൂപ

ചെലവഴിച്ച തുക - 200000 രൂപ വികസനഫണ്ട്

75900/- രൂപ ഗുണഭോക്തൃവിഹിതം

നിർവഹണം - വെറ്റിനറി സർജൻ.

75900/- രൂപ ഗുണഭോക്തൃവിഹിതം 75900/- രൂപ രശീത് നമ്പർ 11401104575 പ്രകാരം പഞ്ചായത്തിൽ അടക്കുകയും തിരിച്ചുനൽകുകയും ചെയ്ത

കൂടാതെ 200000 രൂപ വികസനഫണ്ട് പിൻവലിച്ച് ചെലവഴിക്കു ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാക വന്നിട്ടുണ്ട്.

1. കുടുംബശ്രീയൂണിറ്റുകളെ തെരഞ്ഞെടുത്തതിന്റെ വിവരം കോഴികളെ വാങ്ങിയതിന്റെയോ, നൽകിയതിന്റെയോ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. പദ്ധതിക്കുവേണ്ടി ടെണ്ടർ വിളിച്ചതിന്റെ വിവരങ്ങൾ ഓ ഹാജരാക്കിയിട്ടില്ല.

പദ്ധതിനടത്തിപ്പ് സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഓ ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻകയറി നമ്പർ-5/14-15/22.7.16 പ്ര ആവശ്യപ്പെട്ടതിന് വെറ്റിനറി സർജൻ നൽകിയ മറുപടിയിൽ ജോസഫ് എഗ്ഗർ നേഴ്സറിയിൽ നിന്നും കോഴികളെ വാങ്ങി വി ചെയ്തുവെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കോഴികളെ വാങ്ങിയതിന് നൽകിയതിന്റെയോ വിവരങ്ങളോ ഓഡിറ്റിന് ഹാജരാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിവരങ്ങളും ഓ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 275900/- രൂപയുടെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വെറ്റിനറി സർജൻ രേഖകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.

വെറ്റിനറി സർജൻ തൻവർഷം ടി .ആർ 7 എ ക്യാഷ് ബുക്ക്,പ്രൊജക്റ്റ് ര എന്നിവ സൂക്ഷിച്ചിട്ടില്ല.

ധനവകുപ്പിന്റെ 12.04.2006 ലെ ജി.ഒ.(പി) 177/2006 ഉത്തരവ് പ്രകാരം നിർ ഉദ്യോഗസ്ഥർ ടി .ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന് തദ്ദേശ സ്വയഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് രേഖപ്പെടുത്തണം. തസ്വഭവ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടു സബ്സിഡിയറി രജിസ്റ്റർ ( അനുബന്ധം ബി-IV) സൂക്ഷിക്കണമെന്നും, ക്യ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും അനുബന്ധം ബി-V ൽ പ്ര രജിസ്റ്റർ സൂക്ഷിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ വെറ്റിനറി സ ടി .ആർ 7 എ ക്യാഷ് ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ എ സൂക്ഷിച്ചിട്ടില്ല.ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന തുകകൾ പ നാഷണൽ ബാങ്കിലെ 2879000100028065 നമ്പർ അക്കൌണ്ടിൽ നിക്ഷേ അതിൽ നിന്നാണ് ചെലവു നടത്തിയിരിക്കുന്നത്. ബാങ്കിൽ അട തുകകളുടെ വിവരം സബ്സിഡിയറി രജിസ്റ്ററിൽ എഴുതിസൂക്ഷി വിശദീകരണം ലഭ്യമാക്കേണ്ടതാണ് .ഇത് സംബന്ധിച്ച് നൽകിയ എൻകയറി നമ്പർ-6/14-15/22.7.16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 പൊതുമരാമത്ത് പ്രവൃത്തികൾ-നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചതിന്റെ രേഖകൾ ഇല്ല.

2014-15 വർഷം അസി.എഞ്ചിനീയർ നടപ്പാക്കിയ വിവിധ പൊതുമര
പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽനിന്ന് പിൻവലിച്ചപ്പോൾ ബ
നിന്നും ഈടാക്കിയ നിർമ്മാണതൊഴിലാളി ക്ഷേമനിധി വി
താഴെപ്പറയുന്ന ഡി.ഡി.കൾ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ തുക
കൈപ്പറ്റുവിവരങ്ങൾ ഫയലിൽ ഇല്ല.

| ക്രമനമ്പർ | ഡി.ഡി.നമ്പർ | തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 204388 | 6.5.14 | 93484 | 37പ്രവൃത്തിഫയലുകളിൽ ന പിടിച്ചത് |
| 2 | 204536 | 19.7.14 | 36458 | 13പ്രവൃത്തിഫയലുകളിൽ ന പിടിച്ചത് |
| 3 | 204594 | 4.9.14 | 24510 | 5പ്രവൃത്തിഫയലുകളിൽ ന പിടിച്ചത് |
| 4 | 420253 | 19.5.15 | 246660 | 95 പ്രവൃത്തിഫയലുകളിൽ ന പിടിച്ചത് |

തുകകൾ അടച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ട
രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്ത പക്ഷം 1997 ലെ കേരളപഞ്ചായത്ത
പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ, ചട്ടം 12(
എന്നിവപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-7 വെള്ളക്കരം മുൻകൂറായി അടച്ചു-വാട്ടർ അതോറിറ്റിയിൽ ലക്ഷങ്ങൾ നീക്കിയിരിപ്പ്

വെള്ളക്കരം ഇനത്തിൽ മുൻകൂറായി തുക വാട്ടർ അതോറിറ്റ
അടച്ചതിനാൽ ലക്ഷങ്ങൾ വാട്ടർ അതോറിറ്റിയിൽ നിക്ഷേപ
കിടക്കുന്നു.മാർച്ച് 2015 ൽ 4,49,754/- രൂപ അധിക നിക്ഷേപമുണ്ട്. പദ്ധത
വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നം - എസ്-14/2015

പ്രോജക്റ്റിന്റെ പേര് - കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അടയ്ക്കൽ

അടങ്കൽ -11,44,945/-(മെയിന്റനൻസ് ഗ്രാന്റ്)

ചെലവ് - 7,42,000/-

ബിൽ നം.19/14-15/28.10.14

വൗച്ചർ നം.21400603/14.11.14

ഡി.ഡി.നം.168184/15.11.14

സു.ബത്തേരി കേരള വാട്ടർ അതോറിറ്റി അസി.എക്സി.എഞ്ചിനീ
ബിൽ നം.LSGD/29/14 തീയ്യതി 24.10.14 പ്രകാരം 11/2014 മുതൽ 10/2015 വ
വർഷത്തെ മുൻകൂർ വെള്ളക്കരം അടയ്ക്കാൻ നിർദ്ദേശം ലഭിച്ചത
അടിസ്ഥാനത്തിൽ 7,42,000/- രൂപ പിൻവലിച്ച് വാട്ടർ അതോറിറ്
ഒടുക്കിയിട്ടുണ്ട്. പ്രതിമാസം 227 ടാപ്പുകൾക്ക് 5250/- രൂപ നിരക്കിൽ
രൂപയാണ് ഒടുക്കേണ്ടിയിരുന്നത്. എന്നാൽ 7.11.14 മുതൽ 12.11.14
നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം 160 പൊതുടാപ്പുക
നിലവിലുള്ളത്.ഇപ്രകാരം പ്രതിമാസം 70000 രൂപ മാത്രമേ ഒടുക്കേണ്ട
3/2015 ലെ നില വെച്ച് 449754/- രൂപ അധികമായി വാട്ടർ അതോറിറ്
ഒടുക്കിയിട്ടുണ്ട്.മുൻകൂറായി തുക അടയ്ക്കാനുണ്ടായ സാഹ
വിശദീകരിക്കാൻ ഓഡിറ്റ് എൻകയറി നം.19/25.7.16 ന് മറുപടി നൽകി
മുൻകൂർ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-8 മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നത്-സംബന്ധിച്ച്

2014-15 വർഷം അസി. എഞ്ചിനീയർ നടപ്പാക്കിയ വിവിധപൊതുമര
പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ മെയിന്റനൻസ്
വകമാറ്റി റോഡ് വകമാറ്റി റോഡ്/നടപ്പാത കോൺക്രീറ്റ് വർക
നടത്തിയതായി കാണുന്നു പഞ്ചായത്തിലെ ടാർ റോഡുക
അറ്റകുറ്റപണികൾ നടത്തിയതിനു ശേഷമേ മറ്റ് പ്രവൃത്തികൾ ചെ
തൻവർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തി
പ്രവൃത്തികളിൽ 26 പ്രവൃത്തികൾ റോഡ്/നടപ്പാത കോ
വർക്കുകളാണ് .എന്നാൽ പഞ്ചായത്തിലെ ടാർ റോഡുകളിൽ
അറ്റകുറ്റപണികൾ നടത്താതെ അവശേഷിക്കുകയാണ്.ഈ സാഹചര്യ
റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ 26പ്രവൃത്തികൾ
നടപ്പാത കോൺക്രീറ്റ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ച നട
സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 3-9 പൊതുമരാമത്ത് പ്രവൃത്തികൾ-ഐ.ആർ.സി.സ്പെസിഫിക്കഷെന് വിരുദ്ധമായി പ്രവൃത്തികൾ നടപ്പാക്കി-നഷ്ടം-209469

2014-15 വർഷം അസി .എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പ
പ്രവൃത്തികളുടെ പദ്ധതിനടത്തിപ്പിൽ താഴെപ്പറയുന്ന അപാക
വന്നിട്ടുണ്ട്.

1)ഈ പ്രവൃത്തികളിൽ പാച്ച് സോളിംഗിനായി ഗ്രേഡഡ് മെറ്റൽ
ചെയ്യുകയും പാച്ച് മെറ്റലിംഗിന് തുക അനുവദിക്കുകയും ചെയ്തിട്ടുണ
സോളിംഗ് ഐ.ആർ.സി സ്പെസിഫിക്കേഷനുകളിൽ ഉൾപ്പെ
പ്രവൃത്തിയല്ല എന്നിരിക്കെ ഇപ്രകാരമുള്ള പ്രവൃത്തിക്ക് തുക അനുവ
ശരിയായ നടപടിയല്ല..

2. റോഡരികിൽ 80 സെ.മീ. ,90 സെ.മീ. , 1മീറ്റർ എന്നിങ്ങനെ വ വീതിയിൽ റോഡ് വേ ഉടനീളം റോഡിന് ഇരുവശത്തുനിന്നും എടുത്തുമാറ്റിയതായാണ് അളവുപുസ്തകങ്ങ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റുകളിൽ റോഡ് വേ ഉട മെറ്റലിംഗ് നടത്തുന്ന പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കേരള സ്റ്റാൻഡേ സ്പെസിഫിക്കേഷൻ ഖണ്ഡിക 14.6.3.(ഐ)പ്രകാരം മെറ്റ വർക്കുകളിൽ റോഡിന്റെ പാർശ്വങ്ങൾ ഒരു മീറ്റർ ദൂരം വെള്ളമൊഴുകിപോകും വിധം ഒരുക്കുന്ന ജോലിയും മെറ്റ വർക്കിന്റെ ഭാഗമാണ്. ആ സ്ഥിതിക്ക് റോഡ് വേ ഉടനീളം എടുത്തുമാറ്റിയതിന് തുക നൽകിയ നടപടി ശരിയല്ല.

3. കിളച്ചുമാറ്റിയതായി അളവുപുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന എവിടെ നിക്ഷേപിച്ചുവെന്നു് വിശദീകരിക്കാനോ, സ്ഥലപരിശോധന കാണിച്ചുതരാനോ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടുമില്ല.

ഓരോ വർക്കിലും വന്ന അപാകങ്ങളുടെയും തദനുസൃതം അ ചെലവഴിച്ച തുകയുടെയും വിവരം താഴെക്കൊടുക്കുന്നു.

1. കുന്ദമംഗലം ഓടയോട്ട് മങ്കൊല്ലി റോഡ് ടാറിംഗ്.

പ്രോജക്ട് നമ്പർ-40/15

അടങ്കൽ-3 ലക്ഷം

ചെലവഴിച്ച തുക-3 ലക്ഷം

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ,തീയതി-48/14-15/12/2/15 – 2207

എ) ഈ പ്രവൃത്തിയിൽ ഐറ്റം നമ്പർ 1 ആയി 5.8.ഘ.മീ. 60 മി.മി.ബ്രേ മെറ്റൽ സ്റ്റാക്ക് ചെയ്യുകയും (@1557/1 = 9030.6 രൂപ ചെലവിൽ) ഐറ്റം ന ആയി 58 ച.മീ. പാച്ച് സോളിംഗ് ചെയ്തതിന് 959/10m2 നിരക്കിൽ 556 നൽകുകയും ചെയ്തു.(M.Book page-13).ഐ.ആർ.സി സ്പെസിഫിക്കേഷ ഉൾപ്പെടാത്ത മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 9030.6 =14592.6രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്ത

ബി)എസ്റ്റിമേറ്റ് ഐറ്റം നമ്പർ 7 പ്രകാരം റോഡ് വേ ഉടനീളം മെറ്റ പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ എസ്റ്റിമേറ്റ് ഐറ്റം ന ആയി റോഡരികിൽ 90 c.m വീതിയിൽ റോഡ് വേ ഉടനീളം എടുത്തുമാറ്റിയ25.35 m3 മണ്ണിന് 1477/10m3 നിരക്കിൽ 3370 രൂപ നല നടപടി ശരിയല്ല.

അളവുപുസ്തകം-137/14-15,പേജുകൾ-1-16)മേൽ ചെലവ് 3370 രൂപ ഓഡ നിരാകരിക്കുന്നു

2. കോറോത്തുമ്മൽ എരനാൽ റോഡ് ടാറിംഗ്.

പ്രോജക്ട് നമ്പർ-39/15

അടങ്കൽ-3 ലക്ഷം

ചെലവഴിച്ച തുക-299349

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ,തീയതി-47/14-15/12/2/15 - 220068 രൂപ

അളവുപുസ്തകം-136/14-15,പേജുകൾ-1-16

എ) ഈ പ്രവൃത്തിയിൽ ഐറ്റം നമ്പർ 1 ആയി 5.17.ഘ.മീ. 60 മി.മി.ബ്ര മെറ്റൽ സ്റ്റാക്ക് ചെയ്യുകയും (@1557/1 = 8049.69 രൂപ ചെലവിൽ) ഐറ്റം ന ആയി 51.7 ച.മീ. പാച്ച് സോളിംഗ് ചെയ്തതിന് 959/10m2 നിരക്കിൽ 495 നൽകുകയും ചെയ്തു.(M.Book page-13). ഐ.ആർ.സി സ്പെസിഫിക്കേഷ ഉൾപ്പെടാത്ത മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 8049.69 =13007.69 രൂപ ഓഡിറ്റിൽ അനുവദനീയമ ചെലവുകളിൽപ്പെടുത്തുന്നു.

ബി)എസ്റ്റിമേറ്റ് ഐറ്റം നമ്പർ 7 പ്രകാരം റോഡ് വേ ഉടനീളം മെ പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ എസ്റ്റിമേറ്റ് ഐറ്റം ന ആയി റോഡരികിൽ 80 c.m വീതിയിൽ റോഡ് വേ ഉടനീളം എടുത്തുമാറ്റിയ17.39 ഘ.മീ മണ്ണിന് 1477/10m3 നിരക്കിൽ 2568.5 രൂപ നര നടപടി ശരിയല്ല.(അളവുപുസ്തകം-പേജ്-14)മേൽ ചെലവ് 2568.5 ഓഡിറ്റിൽ നിരാകരിക്കുന്നു

3. കളപ്പുര റോഡ് ടാറിംഗ്

പ്രോജക്ട് നമ്പർ-29/15

അടങ്കൽ-2.5 ലക്ഷം

ചെലവഴിച്ച തുക-179528

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ,തീയതി-26/14-15/31.12.15 - 179528രൂപ

അളവുപുസ്തകം-126/14-15,പേജുകൾ-1-17

എ) ഈ പ്രവൃത്തിയിൽ ഐറ്റം നമ്പർ 1 ആയി 4.51ഘ.മീ. 60 മി.മി.ബ്ര മെറ്റൽ സ്റ്റാക്ക് ചെയ്യുകയും (@1557/1 = 7022.07 രൂപ ചെലവിൽ) ഐറ്റം ന ആയി 45.1 ച.മീ. പാച്ച് സോളിംഗ് ചെയ്തതിന് 959/10m2 നിരക്കിൽ 4325.0 നൽകുകയും ചെയ്തു.(M.Book page-15).ഐ.ആർ.സി സ്പെസിഫിക്കേഷ ഉൾപ്പെടാത്ത മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 7022.07 + =11347.16 രൂപ ഓഡിറ്റിൽ അനുവദനീയമ ചെലവുകളിൽപ്പെടുത്തുന്നു.ഐ.ആർ.സി സ്പെസിഫിക്കേഷ

ഉൾപ്പെടാത്ത മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 14775.93 + =23885.47 രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തു

ബി)എസ്റ്റിമേറ്റ് ഐറ്റം നമ്പർ 7 പ്രകാരം റോഡ് വേ ഉടനീളം മെ പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ എസ്റ്റിമേറ്റ് ഐറ്റം നമ്പർ 9 റോഡരികിൽ 60 മുതൽ90 c.m വരെ വീതിയിൽ റോഡ് വേ ഉടനീള എടുത്തുമാറ്റിയ15.26 ഘ.മീ മണ്ണിന് 1477/10m3 നിരക്കിൽ 2253.9 രൂപ നര നടപടി ശരിയല്ല.(അളവുപുസ്തകം-പേജ്-12)മേൽ ചെലവ് 2253.9രൂപ ഓഡ നിരാകരിക്കുന്നു

4. പാണ്ടിക്കടവ് അഗ്രഹാരം റോഡ് പാച്ച് വർക്ക്

പ്രോജക്ട് നമ്പർ-30/15

അടങ്കൽ-4 ലക്ഷം

ചെലവഴിച്ച തുക-217438

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ,തീയതി-40/14-15/12.2.15 -217438രൂപ

അളവുപുസ്തകം-138/14-15,പേജുകൾ-1-31

എ) ഈ പ്രവൃത്തിയിൽ ഐറ്റം നമ്പർ 2ആയി 9.49.ഘ.മീ. 60 മി.മി.ബ്രേ മെറ്റൽ സ്റ്റാക്ക് ചെയ്യുകയും (@1557/1 = 14775.93 രൂപ ചെലവിൽ) ഐറ്റം 6 ആയി 94.99 ച.മീ. പാച്ച് സോളിംഗ് ചെയ്തതിന് 959/10m2 നിരക്കിൽ രൂപ നൽകുകയും ചെയ്തു.(M.Book page-25). ഐ.അ സ്പെസിഫിക്കേഷനിൽ ഉൾപ്പെടാത്ത മേൽ പ്രവൃത്തികൾ ചെലവഴിച്ച തുക 14775.93 + 9109.54 =23885.47 രൂപ ഓഡ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

ബി)എസ്റ്റിമേറ്റ് ഐറ്റം നമ്പർ 7 പ്രകാരം റോഡ് വേ ഉടനീളം മെ പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ എസ്റ്റിമേറ്റ് ഐറ്റം ന ആയി റോഡരികിൽ 90 c.m വീതിയിൽ റോഡ് വേ ഉടനീള എടുത്തുമാറ്റിയ115.83 ഘ.മീ മണ്ണിന് 1477/10m3 നിരക്കിൽ 17108.0 നൽകിയ നടപടി ശരിയല്ല.(അളവുപുസ്തകം-പേജ്-22)മേൽ ചെലവ് 1 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

5. കരിന്തിരിക്കടവ് കണ്ടകർണ്ണൻകൊല്ലി റോഡ് ടാറിംഗ്

പ്രോജക്ട് നമ്പർ-35/15

അടങ്കൽ-2.5 ലക്ഷം

ചെലവഴിച്ച തുക-164528

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ,തീയതി-39/14-15/12.2.15 - 164528രൂപ

അളവുപുസ്തകം-127/14-15,പേജുകൾ-1-17

എ) ഈ പ്രവൃത്തിയിൽ ഐറ്റം നമ്പർ 1ആയി 4.74ഘ.മീ. 60 മി.മി.ബ്ര
മെറ്റൽ സ്റ്റാക്ക് ചെയ്യുകയും (@1557/1 = 6228രൂപ ചെലവിൽ) ഐറ്റം ന
ആയി 40.06 ച.മീ. പാച്ച് സോളിംഗ് ചെയ്തതിന് 959/10m2 നിരക്കിൽ 3841.
നൽകുകയും ചെയ്തു.(M.Book page-14). ഐ.ആർ.സി സ്പെസിഫിക്കേഷ
ഉൾപ്പെടാത്ത മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 6228+
=10069.75 രൂപ ഓഡിറ്റിൽ അനുവദനീയമ
ചെലവുകളിൽപ്പെടുത്തുന്നു.

ബി)എസ്റ്റിമേറ്റ് ഐറ്റം നമ്പർ 6 പ്രകാരം റോഡ് വേ ഉടനീളം മെ
പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ എസ്റ്റിമേറ്റ് ഐറ്റം ന
ആയി റോഡരികിൽ 60 c.m വീതിയിൽ റോഡ് വേ ഉടനീളം
എടുത്തുമാറ്റിയ14.58 ഘ.മീ മണ്ണിന് 1477/10m3 നിരക്കിൽ 2153.47 രൂപ നര
നടപടി ശരിയല്ല.(അളവുപുസ്തകം-പേജ്-16)മേൽ ചെലവ് 2153.47
ഓഡിറ്റിൽ നിരാകരിക്കുന്നു.

6. പായോട് മില്ലുമുക്ക് അമ്പലവയൽ റോഡ് ടാറിംഗ്

പ്രോജക്ട് നമ്പർ-32/15

അടങ്കൽ-3.5 ലക്ഷം

ചെലവഴിച്ച തുക-231470

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ,തീയതി-32/14-15/20.1..15 - 231470രൂപ

അളവുപുസ്തകം-134/14-15,പേജുകൾ-1-19

എ) ഈ പ്രവൃത്തിയിൽ ഐറ്റം നമ്പർ 1ആയി 6.36ഘ.മീ. 60 മി.മി.ബ്ര
മെറ്റൽ സ്റ്റാക്ക് ചെയ്യുകയും (@1557/1 =9902രൂപ ചെലവിൽ) ഐറ്റം ന
ആയി 63.6 ച.മീ. പാച്ച് സോളിംഗ് ചെയ്തതിന് 959/10m2 നിരക്കിൽ 6099.
നൽകുകയും ചെയ്തു.(M.Book page-16). ഐ.ആർ.സി സ്പെസിഫിക്കേഷ
ഉൾപ്പെടാത്ത മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 9902+
=16001.24 രൂപ ഓഡിറ്റിൽ അനുവദനീയമ
ചെലവുകളിൽപ്പെടുത്തുന്നു.

ബി)എസ്റ്റിമേറ്റ് ഐറ്റം നമ്പർ 7 പ്രകാരം റോഡ് വേ ഉടനീളം മെ
പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ എസ്റ്റിമേറ്റ് ഐറ്റം ന
ആയി റോഡരികിൽ 60മുതൽ 85 c.m വരെ വീതിയിൽ റോഡ് വേ ഉ
മണ്ണ് എടുത്തുമാറ്റിയ24.81ഘ.മീ മണ്ണിന് 1477/10m3 നിരക്കിൽ 3664.4
നൽകിയ നടപടി ശരിയല്ല.(അളവുപുസ്തകം-പേജ്-17)മേൽ ചെലവ്
രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

7. കാക്കഞ്ചേരി അഗ്രഹാരം റോഡ് ടാറിംഗ്

പ്രോജക്ട് നമ്പർ-26/15

അടങ്കൽ-4 ലക്ഷം

ചെലവഴിച്ച തുക-261483

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ,തീയതി-27/14-15/31.12.14 - 261483രൂപ

അളവുപുസ്തകം-130/14-15,പേജുകൾ-1-18

എ) ഈ പ്രവൃത്തിയിൽ ഐറ്റം നമ്പർ 1ആയി 7.18ഘ.മീ. 60 മി.മി.ബ്രേ മെറ്റൽ സ്റ്റാക്ക് ചെയ്യുകയും (@1557/1 =11179രൂപ ചെലവിൽ) ഐറ്റം ന ആയി 71.8 ച.മീ. പാച്ച് സോളിംഗ് ചെയ്തതിന് 959/10m2 നിരക്കിൽ 6885.( നൽകുകയും ചെയ്തു.(M.Book page-14). ഐ.ആർ.സി സ്പെസിഫിക്കേഷ ഉൾപ്പെടാത്ത മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 11179+ =18064.62 രൂപ ഓഡിറ്റിൽ അനുവദനീയമ ചെലവുകളിൽപ്പെടുത്തുന്നു.

ബി)എസ്റ്റിമേറ്റ് ഐറ്റം നമ്പർ 7 പ്രകാരം റോഡ് വേ ഉടനീളം മെ( പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ എസ്റ്റിമേറ്റ് ഐറ്റം ന ആയി റോഡരികിൽ 70മുതൽ 80c.m വരെ വീതിയിൽ റോഡ് വേ ഉ മണ്ണ് എടുത്തുമാറ്റിയ27.8ഘ.മീ മണ്ണിന് 1477/10m3 നിരക്കിൽ 4106.0 നൽകിയ നടപടി ശരിയല്ല.(അളവുപുസ്തകം-പേജ്-16)മേൽ ചെലവ് രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

8. ചങ്ങാടക്കടവ്-പാണ്ടിക്കടവ് റോഡ് ടാറിംഗ്

പ്രോജക്ട് നമ്പർ-31/15

അടങ്കൽ-3 ലക്ഷം

ചെലവഴിച്ച തുക-201877

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ,തീയതി-43/14-15/12.2.15 - 201877രൂപ

അളവുപുസ്തകം-149/14-15,പേജുകൾ-1-18

എ) ഈ പ്രവൃത്തിയിൽ ഐറ്റം നമ്പർ 1ആയി 5.04ഘ.മീ. 60 മി.മി.ബ്രേ മെറ്റൽ സ്റ്റാക്ക് ചെയ്യുകയും (@1557/1 =7847.28രൂപ ചെലവിൽ) ഐറ്റം ന ആയി 50.40 ച.മീ. പാച്ച് സോളിംഗ് ചെയ്തതിന് 959/10m2 നിരക്കിൽ 4833.3 നൽകുകയും ചെയ്തു.(M.Book page-14). ഐ.ആർ.സി സ്പെസിഫിക്കേഷ

ഉൾപ്പെടാത്ത മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക7847.28+ =12680.64 രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്ത

ബി)എസ്റ്റിമേറ്റ് ഐറ്റം നമ്പർ 7 പ്രകാരം റോഡ് വേ ഉടനീളം മെ പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ എസ്റ്റിമേറ്റ് ഐറ്റം നമ്പർ 9 റോഡരികിൽ 80c.m വീതിയിൽ റോഡ് വേ ഉടനീളം മണ്ണ് എടുത്തു 18.05ഘ.മീ മണ്ണിന് 1477/10m3 നിരക്കിൽ 2665.98 രൂപ നൽകിയ നടപടി ശ (അളവുപുസ്തകം-പേജ്-16)മേൽ ചെലവ് 2665.98 രൂപ ഓഡ നിരാകരിക്കുന്നു.

9. എക്കമുണ്ട കുറിച്ച്യകോളനി റോഡ് ടാറിംഗ്

പ്രോജക്ട് നമ്പർ-38/15

അടങ്കൽ-3.5 ലക്ഷം

ചെലവഴിച്ച തുക-232101

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ,തീയതി-42/14-15/12.2.15 - 232101രൂപ

അളവുപുസ്തകം-152/14-15,പേജുകൾ-1-17

